എന്ന് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കമ്മിറ്റി ഓഫ് ഡയറക്ഷൻസിന്റേയും 4 താൽക്കാലിക തസ്തികയുടേയും കാലാവധി ഏപ്രിൽ മാസം വരെ ദീർഘിപ്പിക്കുന്നകാര്യം ധനകാര്യവകുപ്പുമായി ആലോചിച്ച് വരികയാണ്. ഈ സർവ്വേ റിപ്പോർട്ട് കിട്ടിയാലുടനെതന്നെ പുതുക്കിയ ഡി.എ. നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(11) എസ്.എസ്.ഐ. രജിസ്ട്രേഷനുള്ളതും വനാതിർത്തിക്ക് പുറത്ത് അഞ്ചു കിലോ മീറ്ററിനുള്ളിലുള്ളതുമായ തടി ഡിപ്പോകളുടെ ലൈസൻസ് പുതുക്കൽ

ശ്രീ. വി. ബാലറാം : സർ, കേരളത്തിലെ വനപ്രദേശത്തിന്റെ സമീപത്തായി ഉദ്ദേശം നാനൂറോളം തടി വ്യവസായ യൂണിറ്റുകളുണ്ട്. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്ത് എസ്.എസ്. ഐ. രജിസ്ട്രേഷൻ നടത്തി, നടത്തിക്കൊണ്ടുവരുന്ന ഈ ഡിപ്പോകളെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പൂട്ടണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അഞ്ചു കിലോ മീറ്ററിനുള്ളിലുള്ള എല്ലാ തടി വ്യവസായങ്ങളും പൂട്ടണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. കൊല്ലം തോറും പഞ്ചായത്തു പുതുക്കി കൊടുക്കേണ്ട ഇതിന്റെ ലൈസൻസ് പഞ്ചായത്ത് പുതുക്കിക്കൊടുക്കുന്നില്ല. ഇതു വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. മരം ഉരുപ്പടികളും യന്ത്രസാമഗ്രികളും മാത്രമല്ല തൊഴിലാളികളുടെ ജോലിയും നഷ്ടപ്പെടും. ഉടമസ്ഥന് അപരിഹാര്യമായ നഷ്ടം സംഭവിക്കുന്ന അവസ്ഥയിലേക്ക് എത്തിയിട്ടുണ്ട്. അത് അടിയന്തിരമായി പരിഹരിക്കാൻ തയ്യാറാകണം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, വനാതിർത്തിയിൽനിന്നും അഞ്ചു കിലോമീറ്ററിനുള്ളിൽ വനോൽപ്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ നടത്തുന്നതിനു ഇപ്പോൾ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. സുപ്രീംകോടതിയും കേരള ഹൈക്കോടതിയും പുറപ്പെടുവിച്ച വിധികളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. വിധികളുടെ സാരാംശം ചുവടെ ചേർക്കുന്നു. ശ്രീ. ടി.എൻ. ഗോദവർമ്മൻ തിരുമുൽപ്പാടും ഇൻഡ്യൻ യൂണിയനും തമ്മിലുള്ള കേസ്സിൽ-റിട്ട് പെറ്റീഷൻ (സിവിൽ) 202/1995- ബഹു. സുപ്രീംകോടതി 1996 ഡിസംബർ 12-ന് താഴെ പറയുംപ്രകാരം വിധി പുറപ്പെടുവിച്ചു.

1. "In view of the meaning of the word "forest" in the Act, it is obvious that prior approval of Central Government is required for any non forestry activity within the area of any "forests". In accordance with Section 2 of the Act, all ongoing activity within any forest in any state throughout the country, without the prior approval of the Central Government, must cease forthwith. It is therefore, clear that the running of saw mills of any kind including veneer or plywood mills and mining of any mineral area for nonforestry purposes are, therefore, not permissible without prior approval of the Central Government. Accordingly, any such activity is Primafacie a violation of the provisions of the Forest Conservation Act, 1980. Every State Government must promptly ensure total Cessation of all such activities forthwith.

തുടർന്ന് ബഹു. കേരള ഹൈക്കോടതിയിലും ഈ കാര്യത്തിൽ കേസ്സുകൾ ഫയൽ ചെയ്യപ്പെട്ടു. ഒ.പി. 6696/96, 22203/97 എന്നിവയിൽ വിധി പുറപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുവിച്ചുകൊണ്ട് ബഹു: ഹൈക്കോടതി 1998 മാർച്ച് 17-നു ഉത്തരവായി. അതിൽ ഇപ്രകാരം പറയുന്നു :

"The position therefore is that the direction issued on 12-12-1996 and reported in AIR 1997 SC 1228 preventing the working of any saw mill whether commenced after 11-11-1992 or before within 5 kilometres of a forest stands interdicted. It is therefore clear that until any variation is made by the Supreme Court of that order no saw mill could function within 5 kilometres of a forest, near reserve forest, vested forests or any other forests.

It is obvious that the order of the Supreme Court is binding on everyone and in that context learned Counsel Mr. Varghese submitted that Government ought to issue a direction to all concerned to see that the functioning of all saw mills within 5 kilometres of forest are forthwith stopped. I am certain that the authorities concerned will take immediate steps to ensure that the order of the Supreme Court in Godavarma Thirumulpadu's case is obeyed by all the saw mills situate within 5 kms. of forest".

മുകളിൽ കാണിച്ചിട്ടുള്ള വിധികളുടെ അടിസ്ഥാനത്തിൽ ചീഫ് കൺസർവേറ്റർ 15-10-98-ൽ വനാതിർത്തിയിൽനിന്നും അഞ്ചു കിലോമീറ്ററിനുള്ളിൽ വനോൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ നിരോധിക്കണമെന്ന് തദ്ദേശ സ്വയംഭരണവകുപ്പു സെക്രട്ടറി, വ്യവസായ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, മുനിസിപ്പൽ ഡയറക്ടർ, വനം വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരോട് സി 4.19028/96 എന്ന നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലക്ഷക്കണക്കിന് രൂപയുടെ തടി ഉരുപ്പടികളും യന്ത്രസാമഗ്രികളും നശിക്കാനും ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനും ഇടയാകുന്നുവെന്ന പരാതിക്ക് അടിസ്ഥാനമില്ല. കാരണം വനാതിർത്തിയിൽ നിന്നും അഞ്ച് കിലോമീറ്ററിനുള്ളിൽ പ്രവർത്തിപ്പിക്കുന്നതിനു മാത്രമാണ് നിരോധനമുള്ളത്. അഞ്ച് കിലോമീറ്റർ പരിധിക്കു പുറത്ത് പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ യാതൊരു തടസ്സവുമില്ല. മാത്രവുമല്ല 12-12-96-ലെ ബഹു. സുപ്രീംകോടതിയുടെ വിധിയിൽ താഴെപറയും പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്.

"We also direct that notwithstanding the closure of any saw mills or other wood based industry pursuant to this order, the workers employed in such units will continue to be paid their full emoluments due and shall not be retrenched or removed from service for this reason". മേൽപ്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യവസായത്തിനോ തൊഴിലാളികൾക്കോ ഉടമകൾക്കോ വനാതിർത്തിയിൽ നിന്നും അഞ്ചു കിലോമീറ്ററിനു പുറത്ത് വ്യവസായ നടത്തിപ്പിന് യാതൊരു ബുദ്ധിമുട്ടും നിലവിലില്ലെന്ന് കാണാവുന്നതാണ്.

(12) പ്രാരംഭ സർവ്വേ പൂർത്തിയായ ഇടപ്പള്ളി-താനൂർ തീരദേശ റെയിൽപ്പാതയുടെ നിർമ്മാണം

ശ്രീ. പി. രാജു : സർ, തീരദേശ റെയിൽപ്പാത നിർമ്മിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോടും റെയിൽവേ മന്ത്രാലയത്തിനോടും സമ്മർദ്ദം ചെലുത്തണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്നതും പ്രമുഖ

LIBRARY ARCHIVES Kerala Legislative Assembly